# ACADEMIC MASTER PLAN

## 2025-2026

## CMSLP SCHOOL KUNNAMTHANAM


C.M.S.L.P SCHOOL

# ഉള്ളടക്കം


1. അടിസ്ഥാനവിവരങ്ങൾ
2. ആമുഖം
3. ലഘുചരിത്രം
4. കാഴ്ചപ്പാട്
5. ലക്ഷ്യങ്ങൾ
6. മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
7. പദ്ധതിരൂപീകരണ പ്രക്രിയാഘട്ടങ്ങൾ
8. അവസ്ഥാവിശകലനം
9. ഭൗതികം — നേട്ടങ്ങൾ
   പരിമിതികൾ
10. അക്കാദമികം — മികവുകൾ
    പരിമിതികൾ
11. മികവിനായി ഏറ്റെടുക്കേണ്ടവ
12. അക്കാദമികം, സാമൂഹികം,
    ഭൗതികം.
13. പദ്ധതി വിശദാംശങ്ങൾ
14. Staff list
15. PTA കമ്മറ്റി
16. Noon meal കമ്മറ്റി
17. മികവുകൾ നേട്ടങ്ങൾ
18. ഉപസംഹാരം.

# അടിസ്ഥാന വിവരങ്ങൾ

മാനേജ്മെന്റ് : CMS Schools, Corporate Management.
വിദ്യാലയത്തിന്റെ പേര് : സി.എം.എസ്.എൽ.പി.എസ് കുന്നന്താനം
വിലാസം : പുല്ലാട് P.O കുന്നന്താനം 689548
ഫോൺ : 9562646568
സ്കൂൾ കോഡ് : 37315
വിദ്യാഭ്യാസഉപജില്ല : പുല്ലാട്
വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട
റവന്യൂ ജില്ല : തിരുവല്ല
ബി.ആർ.സി : പുല്ലാട്
സി.ആർ.സി : തോട്ടപ്പുഴശ്ശേരി
ഗ്രാമപഞ്ചായത്ത് : തോട്ടപ്പുഴശ്ശേരി 11-ാം വാർഡ്
ബ്ലോക്ക്പഞ്ചായത്ത് : കോയിപ്രം
ജില്ലാപഞ്ചായത്ത് : പത്തനംതിട്ട
നിയമസഭാമണ്ഡലം : ആറന്മുള
ലോക്സഭാമണ്ഡലം : പത്തനംതിട്ട
താലൂക്ക് : തിരുവല്ല
സ്കൂൾ മാനേജർ : Rev: സുമോദ് ചെറിയാൻ
ലോക്കൽ മാനേജർ : Rev: ബിനോയ്.എം.തര്യൻ
ഹെഡ്മിസ്ട്രസ് : Smt: അന്നമ്മ ചാക്കോ
ഫോൺനമ്പർ : 9562646568
ഇ-മെയിൽ : cmslps 2017 @gmail.com

വാർഡ് മെമ്പർ : Smt: അജിത.T. ജോർജ്
MLA : Smt: വീണാ ജോർജ്
M.P : Sri: ആന്റോ ആന്റണി

രക്ഷാധികാരി : റൈറ്റ് റവ: ഡോ: മലയിൽ
സാബു കോശി ചെറിയാൻ

കോർപ്പറേറ്റ് മാനേജർ : Rev: സുമോദ്.C ചെറിയാൻ

ലോക്കൽ മാനേജർ : Rev: ബിനോയി.M. തര്യൻ

ഹെഡ്മിസ്ട്രസ് : Smt: അന്നമ്മ ചാക്കോ

## STAFF

Smt: ഷേർളി എം. ജോൺ [SRG കൺവീനർ]
Smt: റോസി മാത്യു [ടീച്ചർ]
Miss: സുനിത മേരി ജോസഫ് [ടീച്ചർ]
Miss: സോണിയ റെയ്ച്ചൽ ജോസഫ് [നഴ്സറി ടീച്ചർ]
Smt: സരിത. K.S [Cook കം Helper]
Sri: Renymon.E.P [Auto driver]
Smt. ആതിര നാരായണൻ [ടീച്ചർ]

# ആമുഖം

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ തോട്ടപ്പുഴശേരി പഞ്ചായത്തിലെ 11-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് കുന്നന്താനം CMSLPS. 1870 ൽ ക്രൈസ്തവ മിഷനറിമാരാൽ സ്ഥാപിതമായ ഈ വിദ്യാലയം "കുന്നന്താനം" എന്ന ഈ സ്ഥലത്തെ ഏറ്റവും പ്രായം ചെന്ന വിദ്യാലയം എന്നറിയപ്പെടുന്നു. കഴിഞ്ഞ 154 വർഷങ്ങൾ ഈ പ്രദേശത്തെ ആളുകളെ അക്ഷരത്തിന്റെ വെളിച്ചം നൽകിയ ഈ വിദ്യാലയം ഇന്നും അതിന്റെ പ്രകാശം മങ്ങാതെ നിലനിന്നു പോരുന്നു.

പുല്ലാടിന് സമീപത്തുള്ള കുന്നന്താനം എന്ന

ഗ്രാമപ്രദേശത്ത് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. പ്രൈമറി മുതൽ 4-10 ക്ലാസ് വരെയുള്ള ഈ സ്കൂൾ പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികച്ച നിലവാരം പുലർത്തുന്നു.

# ലഘു ചരിത്രം.

1039 കന്നി 24-ാം തീയതി പീറ്റർസായ്പ് എന്ന മിഷനറി ഈ സ്ഥലം വിലയ്ക്ക് വാങ്ങി. 1864 ൽ മാരാമൺ മാളിയേക്കൽ പറമ്പിൽ ഇടിക്കുള എന്ന വ്യക്തി 4 ഏക്കർ 35 സെന്റ് വസ്തു (2 രൂപ 1 ചക്രം 8 കാശ്) വിലയ്ക്ക് വാങ്ങി.

1870 ൽ കുന്നന്താനം എന്ന സ്ഥലത്ത് ഈ സ്കൂൾ സ്ഥാപിച്ചു.

1928 ൽ ഒരു പൂർണ്ണ എൽ.പി. സ്കൂളായി ഉയർത്തപ്പെട്ടു. ഇന്ന് 50 സെന്റ് സ്ഥലത്ത് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു.

കുന്നന്താനം സെന്റ് പോൾസ് C S I പള്ളിയുടെ തിരുമുറ്റത്ത് ഈ സ്കൂൾ പ്രവർത്തിച്ചു വരുന്നു. 1970-ൽ സ്കൂൾ അതിന്റെ ശതാബ്ദി ആഘോഷിച്ചു.

2020 ൽ ശതോത്തര രജതജൂബിലി ആഘോഷങ്ങൾ നടത്തപ്പെടുകയും 150-ാം വാർഷികാഘോഷത്തിന്റെ സ്മരണക്കായി ഒരു Open stage നിർമ്മിക്കുകയും ചെയ്തു.

1976 മുതൽ സ്കൂളിനോട് ചേർന്ന് നേഴ്സറി സ്കൂളും പ്രവർത്തിച്ചു വരുന്നു. നേഴ്സറിക്കായി പ്രത്യേകം തയ്യാറാക്കിയ ക്ലാസുമുറികളിൽ കുട്ടികൾ പഠനം നടത്തുന്നു.

ഇതിനോട് ചേർന്ന് ഒരു വായനശാല ഉണ്ടായിരുന്നു. നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന വായനശാല- തുടർന്ന് നടത്തി കൊണ്ടു പോകുവാൻ സാധിച്ചില്ല.

കഴിഞ്ഞ 154 വർഷങ്ങൾ ഈ പ്രദേശത്തിന്റെ "മുത്തശ്ശിവിദ്യാലയ" മായി ടി സ്കൂൾ പ്രവർത്തിച്ചുവരുന്നു ഇവിടെ വിദ്യ അഭ്യസിച്ചവർ ലോകത്തിന്റെ പല ഭാഗങ്ങളിൽ, വിവിധ രാജ്യങ്ങളിൽ ഉപജീവനത്തിനായി താമസിച്ചു വരുന്നു. വിദ്യ പകർന്നു നൽകിയ പല അധ്യാപകരും മൺമറഞ്ഞുപോയി. പലരും വാർധക്യസഹജമായ ഭാരവും. പ്രയാസവുമനുഭവിച്ച് കഴിയുന്നു. കഴിഞ്ഞ കാലങ്ങളിൽ നടത്തിയ ഏവർക്കും നന്ദി അർപ്പിക്കട്ടെ...

മാസ്റ്റർ പ്ലാൻ

# കാഴ്ചപ്പാട്

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും, ധാരണകളും, മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതി നാം ലക്ഷ്യം വയ്ക്കുന്നു. വികസനോന്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. വികസിതവും, സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ U.N. സുസ്ഥിരവികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങിയ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു.

"ഗുണനിലവാരമുള്ള വിദ്യാഭ്യാസം" എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു.

എല്ലാവരെയും ഉൾക്കൊള്ളുന്നതും. തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

വിദ്യാഭ്യാസരംഗത്ത് കേരളം ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിയ "പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം" വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഫലമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും, അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു.
അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിന് എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർപ്ലാനുകൾക്ക് അനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്ക് തയ്യാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴികക്കല്ലുകളാണ്.
വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർഥിക്കും ദേശ, ഭാഷ, വർഗ, വർണ, ലിംഗഭേദമെന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുവാൻ

കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്. മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയസമൂഹവും, അധ്യാപകരും, വിദ്യാഭ്യാസ സംവിധാനങ്ങളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

# ലക്ഷ്യങ്ങൾ...

- മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- പ്രീപ്രൈമറി മുതൽ 4-10 ക്ലാസ് വരെ ക്ലാസടിസ്ഥാനത്തിൽ, വിഷയാടിസ്ഥാനത്തിൽ പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും, അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.
- അധ്യാപനവും, അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# വിദ്യാലയം മികവിന്റെ കേന്ദ്രം
## കാഴ്ചപ്പാട്

- "മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം" എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും "വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്" എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവതാത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും, പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും, ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ

• പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും, വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

# പദ്ധതിരൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

- SRG മീറ്റിംഗിൽ "CMS കുന്നത്താനം" "വിഷൻ 2030" എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കൽ, ചർച്ച.
- വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം- അക്കാദമികം- സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- കരട് രൂപരേഖ SRG, PTA എന്നിവയിൽ അവതരിപ്പിക്കൽ
- SRG, PTA യിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- PTA നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

## അവസ്ഥാവിശകലനം-നിലവിൽ

### ഭൗതികം - നേട്ടങ്ങൾ

- ശതോത്തര ജൂബിലിസ്മാരകമായി ഒരു open stage പണികഴിപ്പിച്ചു.
- പൂർവവിദ്യാർത്ഥികൾ, മാനേജ്മെന്റ്, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവർ സാമ്പത്തിക സഹായങ്ങൾ നൽകി.
- സ്കൂൾ പൂർവവിദ്യാർത്ഥികളായ

എന്നിവർ $1\frac{1}{2}$ ലക്ഷം രൂപ സംഭാവന നൽകി.
ക്ലാസ് മുറികൾ, ഓഫീസ്റൂം എന്നിവിടങ്ങളിൽ ടൈൽ പാകി മനോഹരമാക്കി.

- കുട്ടികൾക്ക് കൈ കഴുകാനുള്ള Tap കൾ fit ചെയ്തു. മഴ നനയാതെ നിന്ന് കൈ കഴുകുവാൻ ഷീറ്റ് ഇട്ട് പ്രത്യേക സംവിധാനം തയ്യാറാക്കി.

# ഭൗതികം : പരിമിതികൾ

- കുട്ടികൾക്ക് സ്മാർട്ട് ക്ലാസ്റൂം, കമ്പ്യൂട്ടർ റൂം എന്നിവ അത്യാവശ്യമാണ്.
- പഴയ ബെഞ്ചുകളും, ഡസ്കുകളും മാറ്റി ഓരോ കുട്ടിക്കും സ്വന്തമായി Table & chair നിർമ്മിക്കണം.
- സ്മാർട്ട് കിച്ചൺ, ഭോജനശാല എന്നിവയും അത്യാവശ്യമാണ്.
- Preprimary വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി- ചുവരിൽ ചിത്രങ്ങൾ വരച്ച് മനോഹരമാക്കുകയും- കെട്ടിടനവീകരണം നടത്തുകയും ചെയ്യുക.
- ആകർഷകമായ പൂന്തോട്ടം, പച്ചക്കറി തോട്ടം, ജൈവവൈവിധ്യ പാർക്ക്, കളിസ്ഥലം എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

# അക്കാദമികം - മികവുകൾ

- പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അടിസ്ഥാനശേഷികൾ കൈവരിക്കുന്നതിന് സഹായകമായ രീതിയിലുള്ള പഠന പ്രവർത്തനങ്ങൾ നല്ല രീതിയിൽ ചെയ്തു വരുന്നു. തെറ്റില്ലാതെ വായിക്കുവാനും എഴുതുവാനും കുട്ടികളെ പ്രാപ്തരാക്കുന്നു.
- LSS പോലെയുള്ള പരീക്ഷയ്ക്കായി കുട്ടികളെ ഒരുക്കുന്നു. 2021-22 അധ്യയനവർഷം കുട്ടികളെ ഒരുക്കുന്നു. 2021-22 അധ്യയനവർഷം ക്രിസ്റ്റി വിൽസ്യൺ എന്ന കുട്ടിക്ക് LSS Scholarship ലഭ്യമായി.
- 1 മുതൽ IV-ാം ക്ലാസ് വരെ ക്ലാസ്തലത്തിൽ ഒന്നാംസ്ഥാനം നേടുന്നവർക്കും, ഇംഗ്ലീഷ് പഠനത്തിൽ മുന്നിൽ നിൽക്കുന്നവർക്കും പ്രത്യേക ക്യാഷ് അവാർഡ് നൽകിവരുന്നു.

Cash award Sponsor ചെയ്തവർ

- Proficiency for all classes [Std 1-4]
  Smt. Annamma George [Former H.M]
- Proficiency for English classes [Std 1-4]
  Smt. Vincykutty Paul [Former H.M]

# അക്കാദമികം
# പരിമിതികൾ.

- മൊബൈൽ ഫോണിന്റെ അമിത ഉപയോഗം നമ്മുടെ സമൂഹത്തെ ആകെ മാറ്റിമറിച്ചിരിക്കുന്നു "വായന ഒരു സംസ്കാരമാ"യി കണ്ടിരുന്ന നമ്മുടെ മുൻതലമുറ- അതിൽ നിന്നും ഏറെ മാറി. അതിന്റെ പ്രതിഫലനം കുഞ്ഞുങ്ങളിലും കണ്ടുവരുന്നു.
- അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കാനും വായന, ലേഖനം എന്നീ മേഖലകളിൽ ഏറ്റവും നന്നായി Perform ചെയ്യുവാൻ നമ്മുടെ കുട്ടികൾക്ക് കഴിയാതെ വരുന്നു. ഇത് നമ്മുടെ അക്കാദമികനിലവാരത്തിന്റെ ഏറ്റവും വലിയ പരിമിതിയാണ്.
- പ്രൈമറി വിഭാഗം ശക്തിപ്പെടുത്തുക എന്നത് നിലവാരം ഉയർത്തുവാൻ സഹായിക്കും. കളികളിലൂടെയും, പാട്ടിലൂടെയും മറ്റ് പഠനതന്ത്രങ്ങളിലൂടെയും കുഞ്ഞു മനസിൽ വായന ശീലമാക്കുവാൻ കഴിയണം.
- സ്കൂൾ ലൈബ്രറി വികസിപ്പിക്കുന്നതിലൂടെ വായന പരിപോഷിപ്പിക്കുവാൻ അവസരം കിട്ടണം.

- സ്കൂൾ പരിസരം പരിസ്ഥിതി സൗഹൃദപരവും, ആകർഷകവും ആക്കി മാറ്റുക എന്നത് അക്കാദമിക നിലവാരം ഉയർത്തുവാൻ സഹായിക്കും.
- പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന ഒരു സംസ്കാരം കുട്ടികൾക്ക് ലഭ്യമാക്കുക എന്നത് അവരുടെ പഠനനിലവാരത്തെ ബാധിക്കും.
- കാർഷികവൃത്തിയോട് താല്പര്യം ഉണർത്തുന്ന പഠനരീതികൾ അവലംബിക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്.

# എന്റെ സ്കൂൾ
# മികവിനായി ഏറ്റെടുക്കേണ്ട
# അക്കാദമിക കാര്യങ്ങൾ.

- ഭാഷാശേഷി വികസനം
- ഇംഗ്ലീഷ് പഠനപരിപോഷണം
- ഗണിതശേഷി വികസനം
- വായന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- IT പരിശീലനം
- മെഡിക്കൽ ക്യാമ്പുകൾ
- ഗണിതലാബ്
- പോഷകാഹാരപരിപാടി
- പച്ചക്കറിത്തോട്ടം
- ഔഷധത്തോട്ടം
- പഠനയാത്രകൾ
- സെമിനാറുകൾ
- അധ്യാപക- രക്ഷകർത്തൃശാക്തീകരണ പരിപാടികൾ
- സ്കൂൾ മാസിക/പത്രം
- കലാകായിക പ്രവൃത്തിപരിചയ പരിശീലനമേളകൾ
- ദിനാചരണങ്ങൾ

# സാമൂഹ്യ മേഖലകൾ

- പി.ടി.എ ശക്തിപ്പെടുത്തൽ
- പൂർവവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം ശക്തമാക്കൽ
- SMC, SSG, ക്ലബ് പ്രവർത്തനങ്ങൾ ശക്തമാക്കൽ
- വിദ്യാലയമികവുകൾ പൊതു-സമൂഹവുമായി പങ്കിടൽ
- ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കാളിത്തം
- പൂർവ അധ്യാപകരുടെ കൂട്ടായ്മ

# ഭൗതികം.

- സ്മാർട്ട് ക്ലാസ് റൂം
- നവീകരിച്ച കിച്ചൺ,ഡൈനിംഗ് ഹാൾ
- ശിശുസൗഹൃദ നേഴ്സറിസ്കൂൾ
- മാലിന്യസംസ്കരണ യൂണിറ്റ്
- കമ്പ്യൂട്ടർ റൂം
- ബയോഗ്യാസ്പ്ലാന്റ്

പദ വിഭാഗങ്ങൾ.

മേഖല : അക്കാദമികം

പേര് : ലൈബ്രറി ശാക്തീകരണം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | • ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ<br>• പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കൽ<br>• വിതരണ രജിസ്റ്റർ, കാറ്റലോഗ് എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ 2 പ്രാവശ്യം | H.M<br>PTA<br>ലൈബ്രറി ചുമതലയുള്ള അധ്യാപകൻ | 2000/-<br>Sponsorship |

പേര് : രചനാശില്പശാല

ഉപമേഖല: മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം. | കഥയരങ്ങ്/കവിയരങ്ങ്, രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസുമുറിയിലെ പഠനസാമഗ്രിയായി മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാ സാഹിത്യ വേദി | 5000/-<br>Sponsorship |

മേഖല : സർഗസല്ലാപം

ഉപമേഖല: ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | കുട്ടികളുടെ മികച്ച ഭാഷാവികസനത്തിനായി പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | Teachers & PTA | Teachers & sponsorship |

മേഖല : ദിനാചരണങ്ങൾ

ഉപമേഖല: സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ നടത്തുന്നു. | 1 വർഷം | Teachers | / |

പ്രവർത്തനം : English Assembly
ഉപമേഖല : English ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. Teachers ഇംഗ്ലീഷിൽ സന്ദേശങ്ങൾ നൽകുന്നു. ഓരോ ക്ലാസിനും ഇടവിട്ട് പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ 2 ദിവസം | Class Teacher | Nil<br>– |

പ്രവർത്തനം : English Diary
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | – |

പ്രവർത്തനം : English Theatre.

ഉപമേഖല : English ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റിയെഴുതി അവതരിപ്പിക്കൽ eg: Skit, Conversation, drama etc | പ്രതിമാസ പരിപാടി | H.M English Teacher | PTA |

പ്രവർത്തനം : English Corner

ഉപമേഖല : English ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനത്തിലെ സൃഷ്ടികൾ | ക്ലാസ് മുറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | പ്രതിമാസം | English | |

പേര് : Summer Grammer School

മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| English Grammer ൽ പ്രാവീണ്യം നേടൽ | പൂർവ്വ അധ്യാപകരെ പ്രയോജനപ്പെടുത്തി അവധി ദിവസങ്ങളിൽ (ഓണം, X'mas) 5 ദിവസം നീണ്ടു നിൽക്കുന്ന ഒരു പരിപാടി | Vacation days | PTA & Teachers | - |

പേര്: ഗണിതലാബ് സജ്ജമാക്കൽ
മേഖല: അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | എല്ലാ മാസവും | SRG ഗണിത ക്ലബ് | — |

പേര്: ഗണിതപാർക്ക്
മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് park സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | PTA |

പേര്: മേളകൾ
മേഖല: അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കൽ | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | Teachers | |

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പണത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ Working dayകളും | Noonmeal Committee H.M & Noonmeal in charge | CSR Fund |

പേര് : ജന്മദിനത്തിനൊരു പുസ്തകം

മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി നവീകരണം | ക്ലാസ് ടീച്ചറും, കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന നൽകുന്നു. മറ്റ് അംഗങ്ങളെയും പങ്കാളികളാക്കാം | എല്ലാ Birthday ദിവസങ്ങളും | class Leader & class Teacher | കുട്ടികൾ |

പേര് : ശാസ്ത്രമാജിക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര-അഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുക. പ്രവർത്തനക്രമം ചിത്രം വരച്ച് രേഖപ്പെടുത്തി വയ്ക്കുന്നു | മാസത്തിൽ 1 വീതം | SRG | — |

പേര് : പഠനയാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നു. | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | മൂന്ന് മാസത്തിൽ ഒന്നു വീതം | SRG | Parents & Sponsors |

പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അറിവുകളെ update ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് എല്ലാദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുന്നു. | എല്ലാ working days ലും | Teachers | - |

പേര് : കായിക പരിശീലനം

മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും, വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ 3ദിവസം | PTA & Teachers | Sponsor |

പേര് : മെഡിക്കൽ ക്യാമ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ 2 പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷം 2 വീതം | HM & PTA | 10000/- Club & Sponsors |

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒന്ന് | PTA & Teachers | 5000/- Sponsor |

പേര് : ക്ലാസ് പി.ടി.എ. സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | class PTA - കൃത്യമായ Agenda വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച | എല്ലാ മാസവും | Class Teacher | — |

മേഖല : ഭൗതികം
പേര് : Dining Hall & Kitchen

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ kitchen cum dining hall ഒരുക്കൽ | 2 വർഷം | PTA പൂർവ വിദ്യാർത്ഥികൾ & SSG | 5 Lakhs MLA MP Fund |

മേഖല : ഭൗതികം
പേര് : നവീകരിച്ച പ്രീപ്രൈമറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Pre-Primary School നവീകരണം | ആകർഷകമായ വിധത്തിൽ Pre-Primary School നവീകരിക്കൽ | 2 വർഷം | PTA & Teachers | 5 Lakhs |

മേഖല : ഭൗതികം
പേര് : മാലിന്യസംസ്കരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വ മുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം ഒരുക്കൽ | 6 മാസം | PTA & SSG | 50000/- പഞ്ചായത്ത് |

മേഖല : ഭൗതികം
പേര് : ബയോഗ്യാസ് പ്ലാന്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ Biogas Plantൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | PTA നൂൺ meal കമ്മറ്റി | 2 ലക്ഷം |

പേര് : പൂർവവിദ്യാർത്ഥിസംഗമങ്ങൾ
മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളിലെ പൂർവ്വവിദ്യാർത്ഥി സംഗമം ചേരൽ. അവരുടെ മുമ്പിൽ ആവശ്യങ്ങൾ അറിയിക്കൽ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | SSG PTA Teachers | 5000/- PTA |

പേര് : പുസ്തകസമാഹരണം
സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | കുട്ടികളും, Trsഉം വായനയുടെ പ്രാധാന്യം കാണിക്കുന്ന പ്ലക്കാർഡ് കാട്ടി സ്കൂളിന്റെ പരിസരത്തുള്ള വീടുകളിൽ നിന്നും Library പുസ്തകം വാങ്ങുക | വർഷത്തിൽ ഒരു പ്രാവശ്യം | Trs & Students | — |

മേഖല : സാമൂഹികം

പേര് : കാരണവക്കൂട്ടം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | വിദ്യാലയപരിസരത്ത് താമസിക്കുന്ന 80 വയസ് വരെ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. കുട്ടികളുമായി ആശയവിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു. | വർഷത്തിൽ 1 വീതം | SRG SSG PTA Teachers | – |

മേഖല : സാമൂഹികം

പേര് : പൊതിച്ചോറ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും ഇതരജീവനക്കാരും 5-10 ഭക്ഷണപ്പൊതി വീതം കൊണ്ടുവരുന്നു. സമീപത്തുള്ള ആശുപത്രി, അനാഥാലയം എന്നിവയ്ക്ക് ഇവ എത്തിച്ചു കൊടുക്കുന്നു. | വർഷത്തിൽ 3 or എല്ലാ മാസവും | PTA & Teachers | – |

# Staff List

| പേര് | തസ്തിക | ജനന തിയതി | വിദ്യാഭ്യാസ യോഗ്യത | സ്വദേശം | വിലാസം |
|---|---|---|---|---|---|
| അന്നമ്മ ചാക്കോ | H.M | 10/3/1973 | SSLC TTC | Kayamkulam | Mangalathu Robina Puthuppally P.O Kayamkulam. |
| ഷേർലി M. ജോൺ | LPST | 25/3/1972 | P.d.c TTC | Thazhava | Kochayyath (H) Kadathoor 690523 Thazhava. Kollam |
| റോസി മാത്യു | LPST | 18/9/1998 | SSLC +2 | Mallappally | Putherpurayil Maramon P.O Pathanamthitta |
| സുനിത മേരി ജോസഫ് | | | | Pullad | Anchupurackal Pullad. P.O |
| സോണിയ റെയ്ച്ചൽ ജോസഫ് | Nursery Teacher | | PPTTC | Pullad | Anchupurackal Pullad P.O |
| സരിത. K.S | Cook cum Helper | | | Pullad | |
| ആതിര നാരായണൻ | LPST | 31.5.94 | Pd.c TTC | Kaviyoor | Vazhanakyakkunnil Kaviyoor. P.o Thiruvalla. |

# PTA Committee

വില്യം മാത്യു [PTA പ്രസിഡന്റ്]
മഞ്ജുഷ . P. ബേബി [വൈസ് പ്രസിഡന്റ്]
രജനി റോയി
റിന്റു .
നീതു അനിൽ
സിമി . S .
അനി മാത്യു
രഞ്ജു .
ലിജി . K . R.

# Noon Meal Committee

ചെയർമാൻ - PTA പ്രസിഡന്റ്
Mr. വില്യം മാത്യു

കൺവീനർ - Headmistress
Smt. Annamma Chacko

## Members.

Smt. അജിത .T. ജോർജ്ജ് [വാർഡ് മെമ്പർ]
Smt. ഷൈനി ഷിജു (MPTA പ്രസിഡന്റ്)
Smt. രജനി റോയി
Smt. മഞ്ജുഷ. P. ബോബി
Smt. മായാ സുഭാഷ് (ST പ്രതിനിധി)
Smt. ഷേർളി. M. ജോൺ [അധ്യാപക പ്രതിനിധി]
Smt. സരിത K.S. (Cook)
Kumari ഡയോണ ഷിനോയി [വിദ്യാർത്ഥി പ്രതിനിധി]

# മികവുകൾ, നേട്ടങ്ങൾ മുൻവർഷങ്ങളിൽ...

2018-2019

1st overall സബ്ജില്ലാ പ്രവൃത്തിപരിചയം
2nd overall സബ്ജില്ലാ കലോത്സവം
1st Prize മാഗസിൻ MKDTA competition

2019-2020

1st overall സബ്ജില്ലാ പ്രവൃത്തിപരിചയം
1st overall സയൻസ് ഫെയർ
2nd overall സബ്ജില്ലാ കലോത്സവം
2nd Prize ഗണിത മാഗസിൻ സബ്ജില്ല

2019-20 - Management awards

Best L.P. School - Excellent award
Magazine 1st place
മികവ് പ്രത്യേക പുരസ്കാരം.

2022-2023

1st overall സബ്ജില്ലാ പ്രവൃത്തിപരിചയം
3rd prize ഗണിത മാഗസിൻ

2023-2024

2nd overall സബ്ജില്ലാ പ്രവൃത്തിപരിചയം

# ഉപസംഹാരം.

അന്തർദേശീയരംഗങ്ങളിലെ മാറിയ സാഹചര്യങ്ങൾ പരിഗണിച്ച് പരിഷ്കരിച്ച പാഠ്യപദ്ധതിയും, പാഠ പുസ്തകങ്ങളും ഈ വർഷം മുതൽ നടപ്പാക്കുകയാണ്. കുട്ടികൾക്ക് നിരന്തരം വ്യക്തിഗതപിന്തുണ നൽകിക്കൊണ്ട് അവർക്ക് എത്തിച്ചേരാവുന്ന പരമാവധി ഉയരത്തിലേക്ക് അവരെ എത്തിക്കാൻ വേണ്ടി സർക്കാർ "സമഗ്രഗുണമേന്മാപദ്ധതി" നടപ്പിലാക്കുകയാണ്. അതിന്റെ ഭാഗമായി നമ്മുടെ ഈ കൊച്ചുസ്കൂളിൽ അടുത്ത അഞ്ചുവർഷം എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കാമെന്ന് നാം കൂട്ടായി ചിന്തിച്ചു. നാട്യങ്ങൾ ഏതുമില്ലാത്ത നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും, മാതൃകവും കാത്തു-സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

നന്ദി. നന്ദി.

# മാസ്റ്റർ പ്ലാൻ- കൂട്ടിച്ചേർക്കലുകൾ

20.6.2025

സമഗ്രഗുണമേന്മാ വിദ്യാഭ്യാസവർഷമായി ആഘോഷിക്കുന്ന ഈ വർഷം കുട്ടികളുടെ Overall Performance ന് മുൻഗണന നൽകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താമെന്ന് തീരുമാനിച്ചു.

കുട്ടികളുടെ സമഗ്രമേഖലയിലും പുരോഗതി ഉണ്ടാക്കുന്ന പഠനപ്രവർത്തനങ്ങൾ വേണം ഏറ്റെടുത്ത് ചെയ്യാനെന്ന് തീരുമാനിച്ചു.

പഠനം, കലാ കായിക പ്രവൃത്തി-പരിചയം, സാമൂഹിക മേഖലകൾ എന്നിവയിൽ എല്ലാ കുട്ടികൾക്കും പ്രത്യേകമായ പിന്തുണ നൽകണം-എന്ന് തീരുമാനിച്ചു.